# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 411** **28/06/2012 -ൽ മറുപടിക്ക്**

## എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്തൽ

ചോദ്യം

ശ്രീ. റ്റി.യു. കുരുവിള
ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) എസ്.എസ്.എൽ.സി ബുക്കിൽ ജനനതീയതി ഉൾപ്പെടെ ഉള്ള തെറ്റുകൾ തിരുത്തുന്നതിനുള്ള കാലതാമസംമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, ജനനസ്ഥലം, മാതാപിതാക്കളുടെ പേരുകൾ, മേൽവിലാസം എന്നിവ തിരുത്തുന്നതിന് നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ 1.3.2011 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നം.853/2011/പൊ.വി, 18.6.2011 ലെ സർക്കാർ ഉത്തരവ്(സാധാ)നം.2281/2011/ പൊ.വി. എന്നിവ പ്രകാരം ഗണ്യമായി ലഘൂകരിച്ചിട്ടുണ്ട്. പൗരാവകാശ രേഖ പ്രകാരം ജനനത്തീയതി തിരുത്തി നല്കുന്നതിന് 6 (ആറ്) മാസം കാലാവധിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനന സർട്ടിഫിക്കറ്റ് മാത്രം ആധികാരിക രേഖയായി പരിഗണിക്കുന്നതിനാൽ പൊതുവെ 2 (രണ്ട്) മാസത്തിനകം ജനനത്തീയതി തിരുത്തി നല്കിവരുന്നു. ജനനത്തീയതി തിരുത്തുന്നതിനും മറ്റ് തിരുത്തലുകൾക്കും നിലവിലുണ്ടായിരുന്ന അപേക്ഷ ഫാറങ്ങൾ ലളിതമാക്കുകയുണ്ടായി. മറ്റ് തിരുത്തലുക

ളുടെ അപേക്ഷാഫാറം രൂപകല്പന ചെയ്തു. എല്ലാ ഫാറങ്ങളുടെയും അനുബന്ധ രേഖകളുടെയും വിവരങ്ങൾ website-ൽ ലഭ്യമാക്കി.

രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലും വിദ്യാഭ്യാസം, തൊഴിൽ എന്നിവ സംബന്ധമായി പോകുന്ന അപേക്ഷകർക്ക് ആയതിന്റെ രേഖകൾ സമർപ്പിക്കുന്നപക്ഷം 2 (രണ്ട്) ദിവസങ്ങൾക്കുള്ളിൽ തിരുത്തൽ നടത്തി നല്കുന്നുണ്ട്.

കൂടാതെ ഇത്തരം തെറ്റുകൾ തിരുത്തി നല്കുന്നതിനായി ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇവയിൽ ആദ്യത്തേത് 30/6/2012-ന് മലപ്പുറത്തും ബാക്കിയുള്ള ജില്ലകളിൽ വിവിധ തീയതികളിലായും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പരീക്ഷാഭവനിൽ നിന്നുള്ള സേവനങ്ങൾ സുതാര്യമാക്കുന്നതിനും അവ എത്രയുംവേഗം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) അപേക്ഷയിൽ അപേക്ഷകന്റെ മൊബൈൽ നമ്പർ രേഖപ്പെടുത്താനുള്ള സംവിധാനം ഏർപ്പെടുത്തുക വഴി അപേക്ഷ രജിസ്റ്റർ ചെയ്താലുടൻ തന്നെ അപേക്ഷകന് തന്റെ അപേക്ഷയുടെ നമ്പർ SMS വഴി ലഭിക്കാനുള്ള സംവിധാനവും അപേക്ഷയുടെ വിവിധ ഘട്ടങ്ങൾ ഓൺ ലൈൻ വഴി മനസ്സിലാക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ